## പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## പതിമൂന്നാമത് റിപ്പോർട്ട്

(2015 ജൂൺ 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ടിലെ (എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ നിയമനം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

പതിമൂന്നാമത് റിപ്പോർട്ട്

(2015 ജൂൺ 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായ ക്ഷേമ സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ടിലെ (എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ നിയമനം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

662/2015.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III : | സമിതിയുടെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ അനന്തരനടപടികൾ ആവശ്യമുള്ളവ | .. | 4 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ചും, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂൺ 16-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 30.

## അദ്ധ്യായം I

## റിപ്പോർട്ട്

1. പതിമൂന്നാം കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ട് [എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ നിയമനം സംബന്ധിച്ച്] 2012 ജൂലൈ 11-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് അർഹമായ നിയമനം നൽകാതിരിക്കുന്നത് തൊഴിൽരഹിതരായ അഭ്യസ്തവിദ്യരോടും അതിലുപരി പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പിന്നോക്കവിഭാഗം ഉദ്യോഗാർത്ഥികളോടും കാട്ടിയ കടുത്ത അനീതിയായി സമിതി വിലയിരുത്തുകയും ഇതുസംബന്ധിച്ച് പ്രസ്തുത റിപ്പോർട്ടിലൂടെ 3 ശിപാർശകൾ നൽകുകയും ചെയ്തിരുന്നു.

2. സമിതിയുടെ ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 23-7-2012-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ 1, 3 ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച മറുപടികൾ യഥാക്രമം 1-10-2012, 28-5-2014 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ രണ്ടാമത്തെ ശിപാർശയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയിന്മേൽ 28-5-2014-ലെ സമിതി യോഗം അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.

3. സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ബന്ധപ്പെട്ട ശിപാർശകളും ഈ റിപ്പോർട്ടിൽ II-ാം അദ്ധ്യായത്തിലും അനന്തര നടപടികൾ ആവശ്യമുള്ളവ III-ാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

4. അദ്ധ്യായം III-ലെ അധികവിവരങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിച്ച് സമിതിക്ക് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### ശിപാർശ 1

എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികകളിൽ സുപ്രീം കോടതി വിധിക്കുമുമ്പ് നടത്തിയ നിയമനങ്ങൾ 16-4-2001-ന് നിലവിൽ വന്ന സ്പെഷ്യൽ റൂൾസിനുശേഷം റെഗുലറൈസ് ചെയ്തതിനാൽ, 13-5-1998-ലെ G.O.(Ms.) No.162/98/G.Edn. നമ്പർ ഉത്തരവിലെ 1:3 റേഷ്യോ അനുസരിച്ച് ലഭിക്കേണ്ടിയിരുന്ന തസ്തികകൾ കണക്കാക്കി

നിയമനം നടത്തുന്നതിന് അടിയന്തരമായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി ഇനി ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നടത്തുന്നതിനുമുമ്പ് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

(ഗവ. കത്ത് നമ്പർ 46524/യു1/11/പൊ.വി.വ. തീയതി 6-9-2012)

ബഹു. പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഈ വിഷയത്തിന്മേൽ നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് എന്നിവയുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിഷയം 27-6-2012-ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും നിയമ വകുപ്പിന്റെ ഉപദേശം സ്വീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. ഈ വിഷയത്തിൽ നിയമ വകുപ്പ് നൽകിയ ഉപദേശം ഇപ്രകാരമാണ്.

ഹയർ സെക്കന്ററി സിസ്റ്റം സംസ്ഥാനത്ത് നിലവിൽ വന്ന 1990-91-ലും തുടർന്നുള്ള ആദ്യകാലങ്ങളിലും ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയിലേക്ക് യോഗ്യരായ ഹൈസ്കൂൾ/യു.പി.സ്കൂൾ അദ്ധ്യാപകരെ തസ്തികമാറ്റം വഴി താത്കാലികമായി നിയമിച്ചിരുന്നു. പിന്നീട് സർക്കാർ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് 13-5-1998-ലെ സ.ഉ.(എംഎസ്.) നമ്പർ 162/98/പൊ.വി.വ. ഉത്തരവ് പ്രകാരം 75% പി.എസ്.സി. വഴിയുള്ള നേരിട്ട് നിയമനമെന്ന രീതിയിലും, 25% നിയമനങ്ങൾ യോഗ്യരായ ഹൈസ്കൂൾ/യു.പി. സ്കൂൾ അദ്ധ്യാപകരിൽ നിന്ന് തസ്തികമാറ്റം വഴി എന്ന രീതിയിലും ഒരു റേഷ്യോ നിശ്ചയിച്ച് നല്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെ നേരത്തെ താല്ക്കാലികമായി നിയമനം ലഭിച്ച അദ്ധ്യാപകർ കോടതിയിൽ ചോദ്യം ചെയ്യുകയും, ബഹു. സുപ്രീം കോടതി, 14-11-2000-ൽ പുറപ്പെടുവിച്ച വിധിയിൽ, 13-5-1998-ലെ സർക്കാർ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു. എന്നാൽ, ബഹു. സുപ്രീം കോടതി പ്രസ്തുത വിധി മുഖേന തന്നെ സുപ്രീം കോടതിയുടെ 1-2-1999-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ, 1997 വർഷത്തേക്ക് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമിച്ചിരുന്നവരുടെ നിയമനം ക്രമപ്രകാരമുള്ള നിയമനമാണെന്നും പ്രസ്തുത നിയമനങ്ങൾ റദ്ദാക്കരുതെന്നും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ, 13-5-1998-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സുപ്രീം കോടതി വിധി തീയതിയായ 14-11-2000-വരെ ഏതെങ്കിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങളും നിലനിൽക്കുന്നതാണെന്നും, ആയതു റദ്ദാക്കരുതെന്നും സുപ്രീം കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്ന്

ബഹു. സുപ്രീം കോടതി അംഗീകരിച്ച അന്നുവരെയുള്ള എല്ലാ നിയമനങ്ങൾക്കും 75:25 എന്ന റേഷ്യോ ബാധകമാക്കിയിട്ടില്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ, അന്നുണ്ടായിരുന്ന ഒഴിവുകൾ വീണ്ടും 75:25 എന്ന അനുപാതത്തിൽ കണക്കാക്കാൻ കഴിയുന്നതല്ല. സുപ്രീം കോടതി വിധി "Law of the land" എന്ന നിലയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതിനാൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ "റഗുലറൈസ് ചെയ്യപ്പെട്ട" അദ്ധ്യാപക നിയമനങ്ങൾ പുനഃപരിശോധിക്കാൻ നിയമപരമായി സാധിക്കില്ല. 13-5-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച അനുപാതത്തിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാരുടെ നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നത് 16-4-2001-ലാണ്. അന്നുമുതൽ, നിലവിൽവന്ന ഒഴിവുകളിലേക്കുള്ള ഹയർ സെക്കന്ററി അദ്ധ്യാപക നിയമനങ്ങൾ സ്പെഷ്യൽ റൂൾ പ്രകാരം 75:25 എന്ന റേഷ്യോ പാലിച്ചാണ് നടത്തിയിട്ടുള്ളതെന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, അതിനുമുമ്പ് 1-2-1999-ലെ സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച് നടത്തിയിട്ടുള്ള നിയമനങ്ങൾ, സുപ്രീം കോടതി ശരിവയ്ക്കുകയും അങ്ങനെയുള്ള നിയമനങ്ങൾ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് മുഖേന തന്നെ ക്രമീകരിച്ചിട്ടുള്ളതിനാലും, സുപ്രീം കോടതി വിധി തീയതി വരെയുള്ളതുമായ ഒഴിവുകളിലേക്കുള്ള എല്ലാ നിയമനങ്ങൾക്കും മേൽ പറഞ്ഞതുപോലെ 75:25 എന്നൊരു റേഷ്യോ ബാധകമല്ലാത്തതാണ്. ആയതിനാൽ, റേഷ്യോ പാലിച്ചുകൊണ്ടല്ല അന്ന് നിയമനം നടത്തിയിട്ടുള്ളത് എന്ന വാദം ഇക്കാരണത്താൽ നിയമപരമായി നിലനിൽക്കില്ല. സുപ്രീം കോടതിയുടെ വിധിന്യായത്തിൽ ബഹു. കോടതി തന്നെ സംസ്ഥാന സർക്കാർ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കാനും അതിനുശേഷം നടത്തുന്ന ഹയർ സെക്കന്ററി അദ്ധ്യാപക നിയമനങ്ങൾക്കും പ്രസ്തുത സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന റേഷ്യോയിൽ അദ്ധ്യാപക നിയമനങ്ങൾ നടത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നതിനാൽ, സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് നടത്തിയിട്ടുള്ള ഹയർ സെക്കന്ററി അദ്ധ്യാപക നിയമനങ്ങൾ 75:25 എന്ന അനുപാതത്തിലല്ല നടത്തിയിട്ടുള്ളതെന്നും ആയതിനാൽ, പി.എസ്.സി.വഴി നേരിട്ടുള്ള നിയമനത്തിൽ വന്നിട്ടുള്ള കുറവ് നികത്തുന്നതിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന ആവശ്യം നിയമപരമായി നിലനിൽക്കുമെന്ന് കാണുന്നില്ല.

മന്ത്രിസഭയുടെ മേൽ തീരുമാനപ്രകാരം ബഹു.പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ ഒന്നാമത്തെ ശിപാർശ നടപ്പിലാക്കാൻ കഴിയുകയില്ല എന്ന് അറിയിക്കുന്നു.

## ശിപാർശ 3

യോഗ്യരായ ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് സ്ഥാനക്കയറ്റം നൽകിയതിനുശേഷം മാത്രം 1:3 റേഷ്യോ പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതിനാൽ വളരെക്കുറച്ച് ഉദ്യോഗാർത്ഥികൾക്ക് മാത്രമെ പി.എസ്.സി. മുഖാന്തിരം സീനിയർ

എച്ച്.എസ്.എസ്.ടി.യായി നിയമനം ലഭിക്കുകയുള്ളൂവെന്നും, ജൂനിയർ അദ്ധ്യാപകർ യോഗ്യത നേടിക്കഴിഞ്ഞതിനുശേഷം മാത്രം അപ്ഗ്രഡേഷൻ പോസ്റ്റുകൾ സൃഷ്ടിക്കുന്ന പ്രവണത ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉള്ളതായും സമിതി വിലയിരുത്തി. 2010-ൽ അനുവദിച്ച സ്കൂളുകളിൽ 2011-12 അദ്ധ്യയന വർഷം മുതൽ സീനിയർ ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന്റെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെന്ന് സമിതി അനുമാനിക്കുകയും ആയതിനാൽ, അപ്ഗ്രഡേഷൻ മുഖേന സൃഷ്ടിക്കുന്ന തസ്തികകൾക്ക് 2011-2012 അദ്ധ്യയന വർഷം മുതൽ മുൻകാല പ്രാബല്യം നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

(ഗവ. കത്ത് നമ്പർ 68796/യു1/12/പൊ.വി. തീയതി 26-10-2013)

സമിതിയുടെ മൂന്നാമത് ശിപാർശ 2010-ൽ അനുവദിച്ച സ്കൂളുകളിൽ അപ്ഗ്രഡേഷൻ മുഖേന സൃഷ്ടിക്കുന്ന തസ്തികകൾക്ക് 2011-12 അദ്ധ്യയന വർഷം മുതൽ മുൻകാല പ്രാബല്യം നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകണം എന്നുള്ളതാണ്. എന്നാൽ, മുൻകാല പ്രാബല്യത്തോടെ തസ്തിക സൃഷ്ടിക്കുന്ന കീഴ് വഴക്കമില്ല. മാത്രമല്ല, അത് സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന കാര്യവുമാണ്. ആയതിനാൽ, 2010-ൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ 2011-12 അദ്ധ്യയന വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ തസ്തികകൾ സൃഷ്ടിക്കണമെന്ന മൂന്നാമത് ശിപാർശ നടപ്പിലാക്കുവാൻ പ്രായോഗികവും നയപരവുമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് അറിയിച്ചുകൊള്ളുന്നു

<u>അദ്ധ്യായം III</u>

## സമിതിയുടെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ അനന്തരനടപടികൾ ആവശ്യമുള്ളവ

<u>ശിപാർശ 2</u>

എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയ്ക്ക് പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്ന് നിയമനം ലഭിക്കാതെ പോകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ടെന്നുള്ളതുകൊണ്ട് എൻട്രി കേഡറിൽനിന്നും എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയെ ഒഴിവാക്കണമെന്നും നേരിട്ടും ബൈ ട്രാൻസ്ഫർ മുഖേനയുമുള്ള നിയമനങ്ങളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും ഇതിന്റെ പ്രൊമോഷൻ തസ്തികയായി മാത്രം സീനിയർ തസ്തികകളെ പരിഗണിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ സ്പെഷ്യൽ റൂളിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

(ഗവ. കത്ത് നമ്പർ 68796/യു1/12/പൊ.വി. തീയതി 26-10-2013)

എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേക്കുള്ള നിയമനം എച്ച്.എസ്.എസ്.ടി. ജൂനിയറിൽ നിന്നുമുള്ള പ്രൊമോഷൻ തസ്തിക മാത്രമായി മാറ്റണമെന്നതുസംബന്ധിച്ച വിഷയത്തിന്മേൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ രൂപീകൃതമായ കമ്മിറ്റി ഒരു സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സമിതി ശിപാർശ നൽകിയതിനുശേഷവും സീനിയർ എച്ച്.എസ്.എസ്.ടി. തസ്തികയിലേക്ക് പി.എസ്.സി. മുഖേന അഭിമുഖം നടത്തി തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായോ എന്നും ഹയർ സെക്കന്ററി വകുപ്പിലെ സീനിയർ തസ്തികയിലേക്കുള്ള നിയമനം എച്ച്.എസ്.എസ്.ടി. ജൂനിയറിൽ നിന്നുള്ള പ്രൊമോഷൻ തസ്തിക മാത്രമായി മാറ്റണമെന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുക.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 16.